**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം.ഇ3/186/2021/പൊമവ
പൊതുമരാമത്ത്(ഇ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07/05/2021

<u>സർക്കുലർ</u>

വിഷയം:- പൊതുമരാമത്ത് വകുപ്പ് - സംസ്ഥാനത്ത് കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിശ്രമമന്ദിരങ്ങളിൽ താമസത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:- 1. 18.03.2020 ലെ സർക്കുലർ നം.ഇ3/83/2020/പൊമവ
2. 19.01.2021 ലെ സർക്കുലർ നം.ഇ3/83/2020/പൊമവ
3. 06,05,2021 ലെ സ.ഉ.(സാധാ) നം.404/2021/DMD

**********************

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സൂചന(1) ലെ സർക്കുലർ പ്രകാരം പൊതുമരാമത്ത് വകുപ്പ് വിശ്രമമന്ദിരങ്ങളിൽ പൊതുജനങ്ങൾക്ക് താമസത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. പിന്നീട് അൺലോക്ക് മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം നിയന്ത്രണങ്ങൾ പിൻവലിച്ച് പൊതുജനങ്ങൾക്ക് താമസ സൗകര്യം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ കോവിഡ് 19 വീണ്ടും വ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് 08.05.2021 മുതൽ സൂചന(3) പ്രകാരം ലോക്ക്ഡൗൺ പ്രഖ്യാപിച്ച് ഉത്തരവായിരിക്കുകയാണ്. ആയതിനാൽ വിശ്രമമന്ദിരങ്ങളിലെ താമസ സൗകര്യം പരിമിതപ്പെടുത്തിക്കൊണ്ടുള്ള സൂചന(1) സർക്കുലറിലെ നിർദേശങ്ങൾ 08.05.2021 മുതൽ വീണ്ടും പ്രാബല്യത്തിൽ വരുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശ്രമമന്ദിരങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്നത് അതാത് മാനേജർമാർ ഉറപ്പ് വരുത്തേണ്ടതാണ്. ഈ കാലയളവിൽ വിശ്രമ മന്ദിരങ്ങളിൽ ക്യാന്റീൻ സൗകര്യവും ഉണ്ടായിരിക്കുന്നതല്ല. എല്ലാ വിശ്രമമന്ദിരങ്ങളും കുറഞ്ഞത് ഒരു ജീവനക്കാരനെങ്കിലും ഹാജരായി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

**ആനന്ദ് സിംഗ്**
**സെക്രട്ടറി**

ചീഫ് എഞ്ചിനീയർ(ഭരണം/ കെട്ടിടം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും/ എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം /ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
വിവര പൊതുജന സമ്പർക്ക് വകുപ്പ് ഡയറക്ടർക്ക്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by PRIYA CYRIL
Date: 2021.05.08 07:24:29 IST
Reason: Approved

സെക്ഷൻ ഓഫീസർ.